www.niyamadarsi.com

2013 Vol 3



# നിയമദർശി

*An initiative of Social Justice Watch (Er-326/2009)*

*Legal news journal for laymen*

## പുതിയ നിയമം– വീണ്ടും

**ഒരു** സ്ത്രീക്ക് ശല്യപ്പെടുത്തുന്ന എസ് എം എസ് അയച്ചാൽ അത് വിവരസാങ്കേതിക നിയമപ്രകാരം കുറ്റകരമാണ്. ഇഷ്ടമില്ലാത്ത ഫോട്ടോ എടുത്താൽ കേരള പോലീസ് നിയമപ്രകാരവും കേസെടുക്കാം. ഇത്തരം കുറ്റങ്ങളെല്ലാം താരതമ്യേന ശിക്ഷ കുറവ് ലഭിക്കുന്നതും, പരമ്പരാഗതമായ എല്ലാ ബുദ്ധിമുട്ടുകളും, നേരിടുന്ന ഒരു കേസന്വേഷണവുമാണ് നിലവിലുള്ളത്. അതുകൊണ്ടു കൂടിയാണ് സ്ത്രീയുടെ സ്വകാര്യതയും മാന്യതയും സംരക്ഷണ നിയമം 2013 എന്ന പേരിൽ പുതിയ ബില്ലിന് കേരള നിയമസഭ രൂപം നൽകിയത്. യഥാർത്ഥത്തിൽ ഒരു പുതിയ നിയമം തന്നെ.

### ഫോൺ വിളിയും എസ് എം എസും ശിക്ഷ 7 വർഷം തടവ്

സ്വകാര്യതയ്ക്ക് തടസ്സം വരുത്തുന്ന രീതിയിൽ ഒരു സ്ത്രീക്ക് എസ് എം എസ് അയക്കുന്നതും, ഫോൺ വിളിക്കുന്നതും, ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്താൽ അത് സ്ത്രീയുടെ സ്വകാര്യതയ്ക്കും മാന്യതയ്ക്കുമെതിരെയുള്ള കുറ്റകൃത്യമാണ്.

### നടത്തിപ്പുകാരുടെ പങ്ക്

ഒരു സിനിമാ തിയേറ്ററിൽ സ്ത്രീയുടെ മാന്യതയ്ക്കും സ്വകാര്യതയ്ക്കും എതിരായ എന്തെങ്കിലും കാര്യം നടന്നാൽ എന്തു ചെയ്യും? പഴയ പോലെ അത് ഇനി ഒതുക്കിത്തീർക്കാൻ നോക്കണ്ട. നോക്കിയാൽ സ്ഥലത്തിന്റെ നടത്തിപ്പുകാരനുമുണ്ട് ശിക്ഷ – മൂന്ന് മാസം തടവ്. അത് സ്കൂളാണെങ്കിലും കോളേജാണെങ്കിലും, സൈബർ കഫെയാണെങ്കിൽ പോലും ശിക്ഷ ലഭിക്കും. ഇനി പൊതുവാഹനങ്ങളിൽ നടന്നുന്ന പ്രശ്നങ്ങളാണെങ്കിൽ, ധൈര്യമായി സ്ത്രീക്ക് എതിർക്കാം– കാരണം അവിടെയും അവളുടെ സംരക്ഷണച്ചുമതല ഏറ്റെടുത്ത് അടിയന്തര നടപടികളെടുക്കാൻ വാഹനത്തിന്റെ ചുമതലക്കാരൻ ബാധ്യസ്ഥനാണ്.

## ലിഫ്റ്റ് – സ്വിച്ചമർത്തിയാൽ പോര
## ഉപയോഗത്തിന് നിയമവും വന്നു

ലിഫ്റ്റിൽ കയറുന്നവരാരെങ്കിലും നിയമം നോക്കുമോ, സ്വിച്ചമർത്തുക, കാത്തു നിന്ന് കയറി – ഇറങ്ങുക. ആകെ ടെൻഷൻ അത് ഇടയ്ക്കെങ്ങാൻ നിന്നു പോകുമോ എന്നുമാത്രം. ഇനി അതും പേടിക്കേണ്ട, വർഷാവർഷം ഫിറ്റ്നസ് പുതുക്കി ലിഫ്റ്റിന് ലൈസൻസ് എടുക്കാൻ പുതിയ നിയമം വന്നിരിക്കുന്നു. കേരള ലിഫ്റ്റ് & എസ്കലേറ്റർസ് നിയമം 2013 ആണ് ഈ പുതിയ പതിവിനു കാരമായ നിമയം. സാധാരണ പുതിയ നിയമങ്ങൾ വന്നാൽ നിലവിലുള്ളവയൊക്കെ അതിന്റെ ചട്ടക്കൂടിൽ നിന്ന് രക്ഷ്പെടും, പുതിയതായി പണിയുന്നവയ്ക്കാണ് അത് ആവശ്യം. എന്നാൽ ഇവിടെ ലൈസൻസ് ഓരോ വർഷവും പുതുക്കണം. അതുകൊണ്ട് നിലവിലുള്ളവയും ഈ നിയമപ്രകാരം ലൈസൻസ് എടുക്കേണ്ടിവരും. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചാൽ 5000 മുതൽ 10000 വരെ പിഴയും, ലൈസൻസില്ലാതെ പ്രവർത്തനം തുടരുന്ന ഓരോ ദിവസത്തിനും 500 രൂപ വീതം അധിക പിഴയും.

## മലയാളത്തെ സ്നേഹിക്കാൻ
## മലയാള സർവ്വകലാശാല നിയമം 2013

മലയാളത്തെപ്പറ്റിയുള്ള പഠനവും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കാൻ പുതിയ സർവ്വകലാശാല. അതിനായി ഒരു നിയമം തന്നെ കേരള സർക്കാർ നിർമ്മിച്ചിരിക്കുന്നു. തുഞ്ചത്തെഴുത്തച്ചൻ മലയാള സർവ്വകലാശാല നിയമം 2013 എന്നതാണ് ഈ പുത്തൻ മലയാളിയുടെ പേര്. മലയാള ഭാഷയെ മാത്രമല്ല, സാഹിത്യത്തെയും സംസ്കാരത്തെയും പരിപോഷിപ്പിക്കാൻ കൂടിയാണ് ഈ നിയമം. ഇത് കേരളത്തിൽ മാത്രമൊതുങ്ങി നിൽക്കില്ല, ഇതിന്റെ ഭൂമിശാസ്ത്ര പരിധി ഇന്ത്യ മുഴുവനും വ്യാപകമാണ്. തലസ്ഥാനം മലപ്പുറത്തെ തിരൂരായിരിക്കുമെന്നു മാത്രം. തഞ്ചാവൂരുള്ള തമിഴ് സർവ്വകലാശാലയും, ഹാമ്പിയിലുള്ള കന്നഡ സർവ്വകലാശാലയും, ഹൈദരാബാദിലെ തെലുങ്ക് സർവ്വകലാശാലയും ഇത്തരമൊരു സർവ്വകലാശാല തുടങ്ങാൻ പ്രചോദനമായി. വർദ്ധിച്ചുവരുന്ന മംഗ്ലീഷ് പണ്ഡിതമാരുടെ സാന്നിദ്ധ്യവും " മലളയാലത്തെ അരിയാത്ത" കുറെ പുതുതലമുറക്കാരുമാണ് ഇത്തരമൊരു ചിന്തയ്ക്ക് നിയമസാമാജികരെ പ്രേരിപ്പിച്ചതത്രെ.

Initiatives of Social Justice Watch (Er -326/09 )

- Legal publications for laymen
- Free download of Indian laws (www.niyamadarsi.com)
- Legal awareness classes
- Senior Citizens Awareness Forum
- Women Empowerment Awareness Forum
- Victim Laison Forum in criminal offences
- Cyber Crimes Awareness Forum
- Legal awareness camps in schools & Colleges

മുഖമൊഴി



# അന്വേഷണം ശരിയല്ലെങ്കിൽ...

അഡ്വ.ഷെറി ജെ തോമസ് sherryjthomas@gmail.com

2003 ൽ പാലക്കാടാണ് സംഭവം. ഒരു കുടുംബം ആത്മഹത്യ ചെയ്തു. അച്ഛനും അമ്മയും 13 വയസ്സായ പെൺകുട്ടിയുമടങ്ങുന്ന കുടുംബം. മരിക്കുന്ന സമയം പെൺകുട്ടി 9 മാസം ഗർഭിണിയായിരുന്നു, എന്ന അറിവ് കേരളത്തെയാകെ ഞെട്ടിച്ചു. കേസ് അന്വേഷിക്കുന്ന പോലീസിന് കൃത്യമായ ഒരു തെളിവായി പെൺകുട്ടി എഴുതിയ ആത്മഹത്യാ കുറിപ്പു കൂടി ലഭിച്ചിരുന്നു. തങ്ങളുടെ മരണകാരണം പ്രതിയാണെന്നായിരുന്നു കുറിപ്പിൽ എഴുതിയിരുന്നത്. പോലീസ് കൃത്യമായി പ്രതിയെ പിടികൂടി. വിചാരണ കോടതി പ്രതിയെ ജീവപര്യന്തം തടവിനും വലിയ തുക പിഴ ഒടുക്കാനും വിധിച്ചു. 13 കാരിയായ പെൺകുട്ടിയെ പീഡിപ്പിച്ച് ഗർഭിണിയാക്കിയതിനും ആത്മഹത്യക്ക് പ്രേരിപ്പിച്ചതിനുമായിരുന്നു ശിക്ഷ. പ്രതി ജയിലിലായി.

ജയിലിൽ നിന്നും ഫയൽ ആക്കിയ അപ്പീൽ കേരള ഹൈക്കോടതിയിൽ വാദത്തിന് എത്തി. അപ്പീൽ വിധി പ്രമാദമായി; കാരണം വിചാരണ കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ച പ്രതിയെ നിരുപാധികം വിട്ടയച്ചുകൊണ്ടായിരുന്നു വിധി. സ്ത്രീകൾക്കെതിരെയുള്ള കുറ്റങ്ങൾ വാദം കേൾക്കുന്ന പ്രത്യേക ബെഞ്ചാണ് വിധി പറഞ്ഞത്. മരിച്ചു പോയ അച്ചന്റെയും അമ്മയുടെയും പതിമൂന്നുകാരിയായ മകളുടെയും ആത്മാക്കൾ കൂടി സങ്കടത്തിലായേക്കാവുന്ന അവസ്ഥ. ആരാണിതിന് ഉത്തരവാദി? പെൺകുട്ടിയെ ഗർഭിണിയാക്കിയത് ആരാണെന്ന ചേദ്യത്തിന് ഉത്തരമില്ല. ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ചത് ആരാണ് എന്നതിനും ഉത്തരമില്ല. പക്ഷെ ഒരു കാര്യം കോടതിക്കും ഉറപ്പാണ്- പെൺകുട്ടി അവിഹിതമായി ഗർഭിണിയായിരുന്നു. അതു തന്നെയാണ് ആ കുടുംബത്തിന്റെ ആത്മഹത്യക്ക് കാരണവും. പക്ഷെ കോടതിയും നിസ്സഹായാവസ്ഥയിലായിരുന്നു.

### കേസന്വേഷണവും വിചാരണയും

ക്രിമിനൽ കേസുകളുടെ അന്വേഷണവും തുടർന്നുണ്ടാകുന്ന വിചാരണയും എപ്പോഴും പരസ്പരപൂരങ്ങളാണ്. കൃത്യമായ അന്വേഷണം നടത്തി കോടതിയിൽ ഫയലാക്കുന്ന ചാർജുകളിൽ മാത്രമേ പ്രതി ശിക്ഷിക്കപ്പെടാറുള്ളൂ. സാക്ഷികളിലൂടെയും മറ്റ് തെളിവുകളിലൂടെയും സംഭവത്തിന്റെ പച്ചയായ യാഥാർത്ഥ്യം ബോധ്യം വന്നാൽ വിചാരണ കോടതി പ്രതിക്കു ശിക്ഷ നൽകും. അത് നിയമപരവും ശാസ്ത്രീയവുമല്ലെങ്കിൽ മേൽ കോടതികൾ അത് റദ്ദാക്കുകയും ചെയ്യും. പലകേസുകളിലും പ്രതിയെ പിടികൂടുന്നതു കളർഫോട്ടോയിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ പേരു സഹിതം വാർത്തിൽ വരും. പിന്നീട് അവർ ജാമ്യത്തിലിറങ്ങുന്നതോ കേസിൽ വെറുതെ വിടുന്നതോ വാർത്തയാകാറില്ല. കോടതിയിൽ പോലീസ് ഫയൽ ചെയ്യുന്ന ചാർജ്ഷീറ്റുകൾ പ്രകാരം സാക്ഷി മൊഴി നൽകിയില്ലെങ്കിലും, കേസ് വെറുതെ വിടും. സിനിമാസ്റ്റൈൽ അന്വേഷണവും കോടതിമുറികളുമാണ് സാധാരണയായി ആളുകളുടെ മനസ്സിൽ ഉണ്ടാകുന്നത്. നിയമപരമായ പഴുതുകൾ ശേഷിപ്പിക്കാതെ തുടക്കം മുതൽ തന്നെ നല്ല രീതിയിൽ നടത്തുന്ന അന്വേഷണമാണ് പ്രതിയെ ശിക്ഷിക്കാൻ കോടതിയെ സഹായിക്കുന്നത്. ഇല്ലാത്ത സാക്ഷികളെ ഉണ്ടാക്കുമ്പോഴും കളവായി തൊണ്ടി മുതലുകൾ സൃഷ്ടിക്കുമ്പോഴുമൊക്കെ എവിടെയെങ്കിലും പാളിച്ചകൾ ഉണ്ടാകുകയും കേസ് വെറുതെ വിടുകയും ചെയ്യുന്നു.

ഈ കേസിലെ പതിമൂന്നുകാരിയും അച്ചനുമമ്മയും വീട്ടിൽ പെപ്സിയിൽ വിഷം കലർത്തി കുടിച്ച് മരിച്ചുകിടക്കുമ്പാഴും അതൊന്നുമറിയാതെ സ്കൂൾ വിദ്യാർത്ഥിയായ മകൻ ക്ളാസ് കഴിഞ്ഞ് തിരികെ എത്തി. വീട് അടച്ചു കിടക്കുന്നതു കണ്ട് അന്വേഷിച്ച് ബന്ധുക്കൾ എത്തിയപ്പോഴാണ് അകത്തെ മുറിയിൽ മരിച്ചു കിടക്കുന്നവരെ കണ്ടത്. വിവരം പോലീസിൽ അറിയിച്ചു. 13 കാരി ഗർഭിണിയാണെന്ന വിവരം മരണത്തിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് അയൽവാസികളും ബന്ധുക്കളും അറിഞ്ഞിരുന്നുവെന്നും ഗർഭത്തിനു കാരണക്കാരനായ മനോജ് (പേര് സാങ്കൽപ്പികം) സ്ഥിരമായി അവിടെ വരാറുണ്ടെന്നും കഴിഞ്ഞ ദിവസം രാവിലെ കുടംബനാഥനും ഇയാളും തമ്മിൽ തർക്കമുണ്ടായെന്നും, 13 കാരിയുടെ കാര്യത്തിൽ തീരുമാനമുണ്ടായില്ലെങ്കിൽ തങ്ങൾ മരിച്ചു കളയുമെന്നും പറയുന്നത് കേട്ടുവെന്നതിന് സാക്ഷികളുമുണ്ടായിരുന്നു.

### അറസ്റ്റ് വളരെ പെട്ടന്ന്

ആത്മഹത്യാ കുറിപ്പു കൂടിയായപ്പോൾ പേലീസിനെ പ്രതിയെ അധികം അന്വേഷിക്കേണ്ടി വന്നില്ല. അറസ്റ്റും റിമാന്റും ഒക്കെ വളരെ പെട്ടന്ന് നടന്നു. പ്രതി പോലീസിൽ എന്ത് കുറ്റസമ്മതം നടത്തിയാലും തൊണ്ടി മുതൽ കണ്ടെടുക്കുന്നതിനൊഴികെ മറ്റൊന്നിനും കോടതിയിൽ നിയമസാധുതയില്ല. അല്ലെങ്കിൽ മജിസ്ട്രേറ്റിന് മുന്നിൽ

ഹാജരാക്കി മൊഴി എടുക്കണമായിരുന്നു. ഇതൊക്കെ അറിവുള്ള പോലീസ് ചുരുക്കം ചില സെൻഷേണൽ കേസുകളിൽ ഇത് ചെയ്യും. അല്ലാത്ത കേസിലൊക്കെ ഗതി ഇതു തന്നെ. ഈ കേസിൽ സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിലാണ് വിചാരണകോടതി പ്രതിയെ ശിക്ഷിച്ചത്. പ്രതിയാണ് 13കാരിയുടെ വയറ്റിലുണ്ടായിരുന്ന കുട്ടിയെ പിതാവെന്ന് സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് തെളിയിക്കാൻ പ്രോസിക്യൂഷൻ ശ്രമിച്ചത്. അത് വിചാരണകോടതി അംഗീകരിക്കുകയും ചെയ്തു. വയറ്റിലുള്ള കുട്ടിയുടെ ഡി എൻ എ പരിശോധന കൂടി നടത്തിയരുന്നെങ്കിൽ പ്രതി തന്നെയാണ് കുട്ടിയുടെ പിതാവെന്നതിന് രേഖാമൂലമുള്ള തെളിവുകൂടി ആകുമായിരുന്നു. എന്നാൽ അന്വേഷണ ഉദ്യോഗസ്ഥൻ അത് ചെയ്തില്ല.

### കേസന്വേഷണവും നിയമപാലനവും

കേരള പോലീസിൽ കേസ് അന്വേഷണത്തിനും ലോ & ഓർഡർ പാലിക്കുന്നതിനും വെവ്വേറെ ടീം ഉണ്ടാകണെമന്നത് ദീർഘകാല ആവശ്യമായിരുന്നു. ഇതു സംബന്ധിച്ച് ഏതാനും ചില സർക്കുലറുകളും ഈയിയെ പോലീസ് മേധാവി പറപ്പെടുപ്പിവിച്ചിരുന്നു. എന്നാൽ ഇന്നും സാങ്കേതികമായി ഒരേ ഓഫീസർമാർ തന്നെയാണ് ഈ രണ്ട് വിഭാഗത്തിലും കാര്യങ്ങൾ ചെയ്യുന്നത്. ക്രൈം ബ്രാഞ്ച് പോലുള്ള വിംഗുകളിൽ ലോക്കൽ പോലീസിൽ നിന്നു തന്നെ സ്ഥലം മാറ്റം കിട്ടി വരുന്നവരാണുള്ളത്. മാത്രമല്ല, പ്രത്യേകമായി ഏൽപ്പിക്കുന്ന കേസുകൾ മാത്രമാണ് അവർ കൈകാര്യം ചെയ്യുന്നത്.

പ്രതിഭാഗം കോടതിയിൽ എന്ത് വാദങ്ങൾ ഉന്നയിക്കുമെന്ന് ആദ്യമേ മനസ്സിൽ കണ്ടുകൊണ്ടുവേണം ക്രിമിനൽ കേസ് അന്വേഷണം നടത്താൻ. എത്ര സത്യമുണ്ടായാലും നിയമം വ്യാഖ്യാനിച്ചിരിക്കുന്ന രീതിയിൽ അത് അന്വേഷണത്തിന്റെ ഭാഗമായി തെളിവു സഹിതം കോടതിയിൽ എത്തിയാൽ മാത്രമാണ് ശിക്ഷയിൽ അവസാനിക്കുന്നത്. അതും സാക്ഷികൾ കൂറുമാറിയില്ലെങ്കിൽ. അതുകൊണ്ടു തന്നെ ക്രിമിനൽ നിയമ നടപടികളിൽ പരിജ്ഞാനമുള്ളവരായിരിക്കണം അന്വേഷണ ഉദ്യോഗസ്ഥർ. ഇന്ന് നിയമപരമായി യാതൊരു വിദ്യാഭ്യാസ്യ യോഗ്യതയും സബ് ഇൻസ്പെക്ടർ തസ്തികയിൽ തെരഞ്ഞെടുക്കുന്നതിന് ആവശ്യമില്ല. ഒന്നുകിൽ ഈ തെഞ്ഞെടുപ്പ്രീതിക്ക് മാറ്റമുണ്ടാകണം. അല്ലെങ്കിൽ ദീർഘകാലം ഇൻഹൗസ് ട്രെയിനിംഗ് നൽകണം. ഇതു രണ്ടുമില്ലെങ്കിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് കണക്കുകൾ പരിശോധിച്ചാൽ അറിയാം. എങ്ങനെയെങ്കിലും പ്രതിയെ പിടികൂടി റിമാന്റിലാക്കിയതുകൊണ്ട് കാര്യമില്ല. പ്രോസിക്യൂഷൻ വിജയകരമായി നടത്തി ശിക്ഷ വാങ്ങിക്കുന്നതിലൂടെയാണ് നിയമവാഴ്ച നടപ്പിലാകുന്നത്.

### കോടതി പറഞ്ഞത്

കേസ് വെറുതെ വിട്ടെങ്കിലും കോടതി ശക്തമായ രീതിയിൽ അന്വേഷണത്തിന്റെ അപാകത സൂചിപ്പിച്ചിട്ടുണ്ട്. കോടതി വിധിയുടെ ഒരു പകർപ്പ് ആഭ്യന്തര വകുപ്പിന് അയച്ചു കൊടുക്കാനും ഉത്തരവുണ്ട്. - മനോജാണ് ഞങ്ങളുടെ മരണത്തിനു കാരണം; ഞങ്ങൾ യാത്രയാകുന്നു - ഇതാണ് ആത്മഹത്യാക്കുറിപ്പ്. എന്നാൽ ആത്മഹത്യക്കുള്ള പ്രേരണയാകണമെങ്കിൽ മറ്റു തെളിവുകളൊന്നുമില്ലാത്തതിനാൽ ഇതു മാത്രം പോര എന്നാണ് കോടതി പറഞ്ഞത്. മരിച്ച 13 കാരിയുടെ വയറ്റിലുള്ള കുട്ടിയുടെ അച്ചൻ മനോജാണ് എന്ന് ബന്ധിപ്പിക്കുന്ന യാതൊന്നും തന്നെ ആത്മഹത്യാക്കുറിപ്പിലില്ല എന്നതും കോടതി ചൂണ്ടിക്കാട്ടി. അന്വേഷണ സമയം എന്തു കൊണ്ട് ഡി എൻ എ പരിശോധനയ്ക്ക് ഭ്രൂണത്തിന്റെ സാമ്പിൾ അയച്ചുകൊടുത്തില്ല എന്ന ചോദ്യത്തിന് പോലീസ് ഉദ്യോഗസ്ഥൻ നൽകിയ മറുപടി ഇങ്ങനെയാണ് - പോസ്റ്റ്മോർട്ടം റിപ്പോർട്ട് കിട്ടിയപ്പോഴേക്കും ശരീരം മറവ് ചെയ്തിരുന്നു. ഡി എൻ എ ടെസ്റ്റിന്റെ ചെലവ് ഭാരിച്ചതായതിനാലും അതിനു മുതിർന്നില്ല.-

എന്നാൽ വസ്തുത അതല്ലെന്ന് കോടതി രേഖകൾ വ്യക്തമാക്കുന്നു. ഒന്നുകിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ അറിവില്ലായ്മ, അല്ലെങ്കിൽ മനപൂർവ്വമുള്ള വീഴ്ച. കാരണം മരണത്തിനു രണ്ടു മൂന്നു ദിവസം മുമ്പു തന്നെ പെൺകുട്ടി ഗർഭിണിയായിരുന്നുവെന്ന് എഫ് ഐ ആർ പ്രകാരം വ്യക്തമാണ്. പിന്നെ എന്തുകൊണ്ട് അത്തരം അന്വേഷണം നടത്തിയില്ല എന്ന ചോദ്യത്തിന് ഉത്തരമില്ല.

ഇത് ഒറ്റപ്പെട്ട സംഭവമല്ല. വെറുതെ വിട്ടുപോകുന്ന മിക്ക കേസുകളിലും അന്വേഷണത്തിന്റെ അപാകതയാകും കാരണം. ഏറ്റവും നല്ല ചെറിയ ഉദാഹരണം വാഹനാപകട കേസുകൾ തന്നെ. ആൾ മരിച്ചാൽ പിന്നെ അയാളുടെ ബന്ധുക്കളെയാരെയെങ്കിലുമായിരിക്കും അപകടത്തിന്റെ ദൃക്സാക്ഷികളാക്കുക. അവരാകട്ടെ അപകടശേഷം സ്ഥലത്തെത്തിയവരായിരിക്കും. പിന്നീട് കേസ് കോടതിയിൽ എത്തുമ്പോൾ അവർ ഉള്ള സത്യം പറയും, കേസും വെറുതെ വിടും. പൊതുവിൽ കേസ് അന്വേഷണത്തിന് ലോക്കൽ പോലീസിന് ഇനിയും പരിജ്ഞാനം ആവശ്യമായിരിക്കുന്നു. പോലീസിനെ പഠിപ്പിക്കാൻ വരുന്നോ എന്ന ഈഗോ കൂടിയാകുമ്പോൾ സാധാരണക്കാരന് ഒന്നും അന്വേഷണഘട്ടത്തിൽ പ്രത്യേകിച്ച് പറയാനുമില്ല, പറഞ്ഞാൽ ഒട്ടു ഗൗരവത്തിൽ എടുക്കുകയുമില്ല.

# റോഡ് സുരക്ഷാ അതോറിറ്റികൾ എവിടെ ?

**കേ**രളത്തിൽ ഇപ്പോൾ എല്ലാത്തിനും ഒരു മീഡിയാ ടച്ച് വേണം. എത്ര വാഹനാപകടങ്ങൾ ഉണ്ടായാലും എന്ത് സംഭവങ്ങൾ ഉണ്ടായാലും അത് റോഡ് കാരണമാണെങ്കിൽ കുറഞ്ഞത് ഒരു സമരമെങ്കിലും ഉണ്ടാകാതെ റോഡ് നന്നാക്കില്ല. ഒപ്പം ശോചനീയാവസ്ഥ വിശദീകരിച്ച മാധ്യമവാർത്തകളും വേണം. ഇതൊന്നുമില്ലാതെയും റോഡുകൾ നന്നാക്കും, പക്ഷെ ഏതെങ്കിലും വലിയ ഏമാൻമാരുടെ വാഹനത്തിന് അപകടമുണ്ടാകണം. അതു പോലീസോ മന്ത്രിയോ ഒക്കെയായാലും മതി. എറണാകുളത്ത് വൈറ്റിലക്കടുത്ത് ബൈപാസിൽ വൈറ്റ് ഫോർട്ട് ഹോട്ടലിനു സമീപം കഴിഞ്ഞ ആറ് മാസത്തിനടയിൽ 10 മരണങ്ങളുണ്ടായെങ്കിലും നടപടിയുണ്ടായത് ഉന്നത പോലീസുദ്യോഗസ്ഥന്റെ വാഹനത്തിൽ മീഡിയൻ കടന്നുവന്ന ഒരു കാറ് തട്ടി ബംബറിന്റെ പെയിന്റ് പോയപ്പോഴാണ്. ചെറുതും വലുതുമായ റോഡ് സംബന്ധമായ പരാതികൾ പരിഹരിക്കാനാണ് റോഡ് സുരക്ഷാ അതോറിറ്റികൾ സ്ഥാപിച്ചത്.

അപകടങ്ങൾക്ക് കാരണമാകുന്ന റോഡുകളുടെ അപായാവസ്ഥ മാറ്റി സുരക്ഷിതമാക്കുന്നതിന്, പൊതു നിരത്തുകൾ പരിപാലിക്കുന്നതിന് നിലവിലുള്ള എല്ലാ നിയമങ്ങളും സംവിധാനങ്ങളും നിലനിൽക്കെയാണ് കേരള സർക്കാർ 2007 ൽ പുതിയ നിയമനിർമ്മാണം നടത്തിയത്. കേരള റോഡ് സുരക്ഷാ അതോറിറ്റി എന്ന പേരിൽ കൂടുതൽ ഫലപ്രദമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും റോഡ് സുരക്ഷാ അതോറിറ്റികൾ രൂപീകരിക്കാൻ പുതിയ നിയമത്തിൽ വ്യവസ്ഥ വന്നു. ഇത്തരം സമിതികളെപ്പറ്റി പൊതുജനത്തിന് കാര്യമായ അറിവില്ലെങ്കിലും, ഇരുചക്രവാഹനങ്ങളുടെയുൾപ്പെടെയുള്ള സെസ്സ് പിരിവ് ഈ നിയമത്തിന്റെ പേരിൽ കാര്യമായിത്തന്നെ നടക്കുന്നുണ്ട്.

## കേരള റോഡ് സുരക്ഷ അതോറിറ്റി എന്തിന് ?

2007 ലാണ് ഈ നിയമം നിലവിൽ വന്നത്. [The Kerala Road Safety Authority Act 2007] റോഡ് സുരക്ഷ പദ്ധതികൾ നടപ്പാക്കുന്നതിനും റോഡ് സുരക്ഷാഫണ്ട് രൂപീകരിക്കുന്നതിനുമാണ് ഈ നിയമം വന്നത്. മോട്ടോർ വാഹനം പൊതുനിരത്തിൽ ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങളും ഈ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പൊതുജനത്തിന് സഞ്ചാരസ്വാതന്ത്ര്യമുള്ള സ്വകാര്യ റോഡുകളും ഇതിൽ ഉൾപ്പെടും. ഗതാഗതമന്ത്രി ചെയർമാനായ സംസ്ഥാന സുരക്ഷാ സമിതിയിൽ, ആഭ്യന്തരവകുപ്പ്, പൊതുമരാമത്തുവകുപ്പ്, ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടുന്നു.

## എന്തൊക്കെ പരാതികളിൽ നടപടിയെടക്കാം ?

പൊതുസ്ഥലത്ത് ഏതെങ്കിലും വാഹനമോ മൃഗങ്ങളോ മറ്റ് വസ്തുക്കളോ അനുമതിയില്ലാതെ നിലകൊള്ളുകയൊ മറ്റൊ ഉണ്ടായാൽ നടപടിയെടുക്കാൻ ഈ സമിതിക്ക് അധികാരമുണ്ട്. ഇത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻമോലോ, മറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലോ അതോറിറ്റിക്ക് നടപടിയെടുക്കാം. റോഡിൽ അനധികൃതമായി ബാനറുകൾ സ്ഥാപിക്കുക, ഹോർഡിംഗുകൾ, പന്തലുകൾ എന്നിവയ്ക്കെതിരെയും നടപടിയെടുക്കാവുന്നതാണ്. റോഡുപയോഗിക്കുന്നവർക്ക് അപകടമുണ്ടാക്കാൻ സാധ്യതയുള്ള മരങ്ങൾ, കെട്ടിടങ്ങൾ, ഗതാഗത-കാഴ്ചയ്ക്ക് തടസ്സമുണ്ടാക്കുന്ന മറ്റ് വസ്തുക്കൾ എന്നിവയ്ക്കെതിരെയെല്ലാം നടപടിയെടുക്കാം. പരാതി ലഭിച്ചാൽ രണ്ട് മാസത്തിനുള്ള നടപടിയെടുക്കണം.

## അറ്റകുറ്റപ്പണികൾ നടത്താനും ഉത്തരവിടാം.

പൊതു നിരത്തുകളുടെ നന്മയ്ക്കായി ഏതെങ്കിലും തരത്തിലുള്ള നിർമ്മാണങ്ങളോ അറ്റകുറ്റപ്പണികളോ നടത്താൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകാൻ അതോറിറ്റിക്ക് അധികാരമുണ്ട്. അങ്ങനെ നിർദ്ദേശം ലഭിക്കുന്ന വകുപ്പുകൾ സമയബന്ധിതമായി ആ ജോലി ചെയ്തു തീർക്കാനും ബാധ്യസ്ഥരാണ്. ഹൈവേ ആയി പ്രഖ്യാപിച്ചിട്ടുള്ള റോഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളിലും അതത് വകുപ്പധികാരികളുമായി മുൻകൂട്ടി ചർച്ച ചെയ്തതിനു ശേഷവും ഉത്തരവുകൾ ഇറക്കാവുന്നതാണ്.

സംഭവം ഗംഭീരമാണെങ്കിലും 2007 ൽ നിയമമായി മാറിയ ഈ സംവിധാനത്തെ കണ്ടുകിട്ടാൻ ബുദ്ധിമുട്ടാണ്. ഇടയക്കും തലക്കും വലിയ കോളം വാർത്ത പത്രത്തിൽ വരുമെന്നല്ലാതെ ഇതിന്റെ പ്രവർത്തനഫലം നേരിട്ട് അനുഭവിക്കാൻ കേരളജനതയ്ക്ക് അധികം കഴിഞ്ഞിട്ടില്ല.

FROM,
**Adv. Sherry J. Thomas,**
Co-ordinator,
Social Justice Watch (Er 326/09)
Infant Jesus Bldg No.2,
Banerjee Road, Kochi -31.
Ph. 9447200500, 0484 31122200
www.niyamadarsi.com
Mail: sherryjthomas@gmail.com

To,

BOOK-POST

Edited, printed and published by Adv. Sherry J Thomas, Madathiparambil, Maradu, Ernakulam, for Social Justice Watch, (Er-326/09), Ernakulam.